12552
29/6/18 File No.FWLD-A2/41/2018-FWLD

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് -ബഹു. മുൻ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച പരാതിയിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം വരുത്തിയത് - ശ്രീ.പി.എസ്.ശിവപ്രസാദ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെയുള്ള അച്ചടക്കനടപടി - തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു .

വനം വന്യജീവി (എ) വകുപ്പ്

**സ.ഉ.(സാധാ) നം.275/2018/വനം** തീയതി,തിരുവനന്തപുരം, 08/06/2018

1. സർ ക്കാരിന്റെ 03.12.2012 ലെ 14346/എ2/2012/വനം നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
2. സ. ഉ. (സാധാ.) നം. 552/2014/വനം തിയതി 25.11.2014.
3. സർ ക്കാരിന്റെ 10.08.2016 ലെ 689604/എ2/2015/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ.പി.എസ്.ശിവപ്രസാദ്, റെയിഞ്ച്ഫോറസ്റ്റ് ഓഫീസറുടെ (റിട്ട.) 20.10.2016 ലെ വിശദീകരണം.
5. അഡിഷണൽ പ്രിൻസിപ്പൽ ചീഫ്ഫോറസ്റ്റ് കൺസർവേറ്ററി (ഭരണം) ന്റെ 01.01.2017 ലെ ബി4-9937/2012 നമ്പർ കത്ത്.
6. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 13/03/2018 ലെ എ1(1)6344/17/GW നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലയാറ്റൂർ ഡിവിഷനിലെ കോടനാട് റെയിഞ്ചിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.പി.എസ്.ശിവപ്രസാദിന് താഴെപ്പറയുന്ന കുറ്റങ്ങൾ ചുമത്തി പരാമർശം (1) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകി.

i)ശ്രീ.ശ്രീധരൻ, കക്കാട്ടിൽ വീട്, കോടനാട് എന്നയാൾ ബഹു.മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ സമർപ്പിച്ച പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അക്ഷന്തവ്യമായ കാലതാമസം വരുത്തി. ഇപ്രകാരം സർക്കാർ ജോലിയിൽ അനാസ്ഥ കാണിച്ചു.

ii)സർക്കാർ രേഖകളും, കോടതി വിധികളും പരിഗണിക്കാതെ തെറ്റായ റിപ്പോർട്ട് തയ്യാറാക്കി മേലധികാരികൾക്ക് നൽകി.

iii)മേൽ പ്രവൃത്തികൾ മൂലം ഗുരുതരമായ അച്ചടക്ക ലംഘനവും സർക്കാർ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനവും നടത്തി.

2) കുറ്റപത്രത്തിന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിലെ വാദവും , ആയതിന്മേലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഡി&പി) യുടെ അഭിപ്രായവും കണക്കിലെടുത്ത് ഈ വിഷയത്തിൽ പരാമർശം (2) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി.ഔപചാരികാന്വേഷണത്തിൽ ശ്രീ.പി.എസ്.ശിവപ്രസാദിനെതിരായ എല്ലാ ചാർജ്ജുകളും തെളിഞ്ഞിട്ടുള്ളതായി കണ്ടെത്തി. ടിയാൻ 30.06.2016 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ , അച്ചടക്ക നടപടി കെ.എസ്.ആർ ഭാഗം 3 ചട്ടം 3 പ്രകാരം തുടരുവാൻ തീരുമാനിക്കുകയും, ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം മൂന്ന് വർഷത്തേയ്ക്ക് ഈടാക്കുവാൻ തീരുമാനിച്ച് പരാമർശം (3)പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

3)ശ്രീ.പി.എസ്.ശിവപ്രസാദ് പരാമർശം(4 ) പ്രകാരം വിശദീകരണം. സമർപ്പിക്കുകയും ,ആയതിനു പരാമർശം (5)പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അഭിപ്രായം ലഭ്യമാക്കുകയും ചെയ്തു. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു

4) 20.04.2013 ൽ സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രികയിൽ നിന്ന് തീർത്തും ഘടക വിരുദ്ധമായ വാദങ്ങൾ ആണ് പരാമർശം (4 ) പ്രകാരമുള്ള വിശദീകരണത്തിൽ ശ്രീ.പി.എസ്.ശിവപ്രസാദ് ഉന്നയിച്ചിരിക്കുന്നത്. ആയതിൽ നിന്നും തന്നെ ടിയാൻ ചെയ്ത കുറ്റം ന്യായീകരിക്കുന്നതിനു സഹായിക്കുന്ന രീതിയിൽ അഭിപ്രായം മാറ്റിയതെന്ന് വ്യക്തമാണ്. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച രണ്ടു പരാതികളിന്മേൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുവാൻ ടിയാൻ അക്ഷന്തവ്യമായ കാലതാമസം വരുത്തി എന്ന ചാർജ്ജ് ഔപചാരികാന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളതാണ്. മാത്രവുമല്ല ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനെന്ന നിലയിൽ സർക്കാരിന്റെ ഉത്തരവു പാലിക്കുന്നതിന് ശ്രീ.പി.എസ്.ശിവപ്രസാദ് മുൻഗണന നൽകണമായിരുന്നു. അതിനാൽ മേലുദ്യോഗസ്ഥന്റെ നിർദ്ദേശം പാലിക്കുന്നതിൽ പരാജയപ്പെട്ടു എന്നുള്ള വസ്തുത ഔപചാരികാന്വേഷണ റിപ്പോർട്ടിൽ

വ്യക്തമാണ്.ചെയ്ത കുറ്റം ന്യായീകരക്കത്തക്ക തെളിവുകൾ ഒന്നും തന്നെ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടിയിൽ ശ്രീ.പി.എസ്.ശിവപ്രസാദ് ഹാജരാക്കിയിട്ടുമില്ല. അതിനാൽ കാരണം കാണിക്കൽ നോട്ടീസിലെ താൽ ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയുണ്ടായി.ഈ കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച കമ്മീഷൻ സർക്കാരിന്റെ താൽക്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ പരാമർശം(6)പ്രകാരംഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

5)മേൽ സാഹചര്യത്തിൽ ശ്രീ. പി. എസ്.ശിവപ്രസാദ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) -ന് പരാമർശം(3)പ്രകാരം നൽകിയ കാരണം കാണിക്കൽ നോട്ടീസിൽ താൽക്കാലികമായി തീരുമാനിച്ച കെ.എസ്.ആർ.പാർ ട്ട് 3 ചട്ടം 3 പ്രകാരം പെൻഷനിൽ നിന്നും 200/- രൂപ വീതം 3 വർഷത്തേയ്ക്ക് ഈടാക്കുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്കനടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**അജിത് കെ ജോസഫ്**
**ജോയിന്റ് സെക്രട്ടറി**

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ. പി എസ് ശിവപ്രസാദ് ,റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) , കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

V Beena

സെക്ഷൻ ഓഫീസർ